LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് (കശുവണ്ടി മേഖല ഉൾപ്പെടെ) അവയുടെ നവീകരണമുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഉൽപ്പാദന സൗകര്യങ്ങളുടെ വിപുലീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന മേഖലയുടെ വിപുലീകരണം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികളാണ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്നത്. ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പൊതുമേഖലാസ്ഥാപനങ്ങൾ

215 (3876) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമേഖലയിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാവ്യവസായസ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാവ്യവസായസ്ഥാപനങ്ങൾ ഒന്നും അടച്ചുപൂട്ടിയിട്ടില്ല.

## കേന്ദ്ര പൊതുമേഖലാ വ്യവസായ നിക്ഷേപം

216 (3877) ശ്രീ. എളമരം കരീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഏതെങ്കിലും കേന്ദ്ര പൊതുമേഖലാവ്യവസായ നിക്ഷേപം വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം കമ്പനികൾ എത്ര രൂപ വീതം നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാവ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള വ്യവസായ നിക്ഷേപത്തെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതികൾ | | മുതൽമുടക്ക് (തുക കോടിയിൽ) |
|---|---|---|
| ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ വികസന പദ്ധതി | - | 12,000 |
| ഗെയിൽ പൈപ്പ്ലൈൻ പദ്ധതി (കൊച്ചി-മാംഗ്ലൂർ-ബാംഗ്ലൂർ പൈപ്പ്ലൈൻ) | - | 3,000 |
| സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി, കൊച്ചി | - | 2,000 |
| സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (SAIL)-KMML വുമായി ചേർന്നുള്ള ടൈറ്റാനിയം സ്പോഞ്ച് പദ്ധതി, കൊല്ലം | - | 3,000 |
| നിർദ്ദേശ് പദ്ധതി, കോഴിക്കോട് | - | 200 |

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണം

217 (3878) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പരമ്പരാഗത മേഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മെച്ചപ്പെടുത്തി പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച റിവൈവൽ, റിഫോംസ് ആന്റ് റീ-സ്ട്രക്ചറിംഗ് പാക്കേജ് പ്രകാരം അപ്പക്സ് സൊസൈറ്റി, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, വ്യക്തിഗത നെയ്ത്തുകാർ എന്നിവർക്ക് ആനുകൂല്യങ്ങൾ നൽകുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും